**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **13-02-2025 - ൽ മറുപടിയ്ക്ക്**

**പന്നിപ്പനി മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പന്നിപ്പനി ബാധിച്ച ഫാമുകൾക്ക് സമീപമുള്ള ഫാമുകളിലെ എല്ലാ പന്നികളെയും കൊല്ലുന്നത് മൂലം പന്നി കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പന്നിപ്പനി ബാധിക്കാത്ത പന്നികളെ കൊല്ലുന്നതിനു പകരം പരിശോധന നടത്തി പനി ബാധിച്ച പന്നികളെ മാത്രം കൊല്ലുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | പന്നികളെ ബാധിക്കുന്ന മാരകവും അതിസാംക്രമികവുമായ വൈറസ് രോഗമാണ് ആഫ്രിക്കൻ സൈ്വൻ ഫീവർ (African Swine Fever). ഇതിന് ഫലപ്രദമായ വാക്സിനോ ചികിത്സയോ ഇല്ല. പന്നികളിൽ ഉയർന്ന മരണനിരക്കാണ് ഉണ്ടാകുന്നത്. രോഗമുള്ള പന്നികളുമായിട്ടുള്ള സമ്പർക്കം, swill feeding, രോഗമേഖലയിൽ പ്രവേശിക്കുന്ന വാഹനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ മൂലമാണ് ഈ രോഗം പടരുന്നത്. പന്നികളിൽ എല്ലാ പ്രായത്തിലുമുള്ള ജനുസ്സുകളെ ഇത് ബാധിക്കുന്നു. ഇത് മനുഷ്യരെ ബാധിക്കുന്ന രോഗമല്ല. രോഗം ബാധിച്ച പന്നികൾ 100% മരണപ്പെടും.<br><br>കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിയന്ത്രണ മാർഗ്ഗരേഖയായ "National Action Plan for Control, Containment & Eradication of ASF" പ്രകാരം, രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന്റെ 1 കി.മീ ചുറ്റളവിലുള്ള പന്നികളെ നശിപ്പിക്കുകയും (Culling), പ്രഭവകേന്ദ്രത്തിന് പുറത്ത് 10 കി. മീ ചുറ്റളവിലെ പ്രദേശങ്ങളിൽ രോഗനിരീക്ഷണം കാര്യക്ഷമമായി നടത്തുകയും, പന്നികളുടേയും, അതുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളുടേയും അകത്തേക്കും പുറത്തേക്കും ഉള്ള പോക്ക്-വരവ് തടയുകയും ചെയ്യണം എന്നാണ്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകളിൽ പറഞ്ഞിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിക്കാൻ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്തമുണ്ട്. അതിനാൽ രോഗം ബാധിച്ച പന്നികളെ മാത്രം കൊല്ലുവാൻ (കള്ളിംഗ്) സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ കൃത്യമായി പാലിച്ചാൽ മാത്രമേ സംസ്ഥാന സർക്കാരിന് 'കൾ' (cull) ചെയ്യുന്ന പന്നികൾക്ക് നഷ്ടപരിഹാരം (compensation) കർഷകർക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ